**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **25-06-2024 - ൽ മറുപടിയ്ക്ക്**

**2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് ഉടൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. 2021 ലെ കേരള മൽസ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് നിലവിൽ പ്രാബല്യത്തിലുണ്ട്. ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആക്ട് നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 2021 ലെ കേരള മൽസ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് നിലവിൽ പ്രാബല്യത്തിലുണ്ട്. ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന മത്സ്യ ഗുണനിലവാര പരിപാലന സമിതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | ഫിഷറീസ് ഡയറക്ടർ ചെയർപേഴ്സൺ ആയും, ഫിഷറീസ് ജോയിന്റ് ഡയറക്ടർ മെമ്പർ സെക്രട്ടറി ആയും, ഭക്ഷ്യസുരക്ഷ കമ്മീഷണർ, ആരോഗ്യവകുപ്പ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു പ്രതിനിധി എന്നിവർ അംഗങ്ങളായ ഏഴ് അംഗ സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന മത്സ്യ ഗുണനിലവാര പരിപാലന കമ്മറ്റിയുടെ ഒരു യോഗം 20/12/2022-ന് ചേർന്നിട്ടുണ്ട്. മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ് പരിശോധിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ ക്വാളിറ്റി സ്റ്റാൻഡേർഡ് സംബന്ധിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസേർച്ച്-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ICAR-CIFT) പ്രതിനിധിയെ ചുമതലപ്പെടുത്തി. |

സെക്ഷൻ ഓഫീസർ